# അനുക്രമണികാപർവ്വം

## 1. അനുക്രമണിക

ഒരു ദിവസം ലോമഹർഷണന്റെ പുത്രനായ ഉഗ്രശ്രവസ്സ്, നൈമിഷാരണ്യത്തിൽ എത്തി, കുലപതിയായ ശൗനകന്റെ പന്തീരാണ്ടുകൊണ്ടു കഴിയുന്ന സത്രത്തിൽ പങ്കുകൊള്ളുവാൻ കയറിച്ചെന്നു. ആ സൂതപുത്രൻ വിനയത്തോടുകൂടി വന്നുചേർന്നപ്പോൾ വിചിത്രമായ സൽക്കഥകൾ കേൾക്കുവാൻ മഹർഷിമാർ ഒത്തുകൂടി.

ലോമഹർഷണപുത്രൻ എല്ലാവരെയും അഭിവാദ്യം ചെയ്തു. മുനിമാർ അദ്ദേഹത്തെ സത്കരിച്ചിരുത്തി. കുശപ്പുല്ലുകൊണ്ട് കെട്ടിയുണ്ടാക്കിയ പീഠത്തിൽ മുനിമാരും ഇരുന്നു. വിശ്രമാനന്തരം ഒരു മുനി അദ്ദേഹത്തോട് ചോദിച്ചു:

"ഹേ! കമലപത്രാക്ഷനായ സൂതപുത്ര, ഭവാൻ ഇപ്പോൾ എവിടെനിന്ന് വരുന്നു? ഇത്രനാളും അങ്ങ് എവിടെ വസിച്ചിരുന്നു? അങ്ങയെപ്പറ്റി അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

ഇതുകേട്ട് ആ സൂതനന്ദനൻ താപസന്മാർ നിരന്നിരിക്കുന്ന സദസ്സിൽ തന്റെ ചരിത്രം വ്യക്തമാക്കുന്നവിധം പറഞ്ഞുതുടങ്ങി.

[1]സൂതൻ പറഞ്ഞു: "പരീക്ഷിത്തിന്റെ പുത്രനും ശ്രീമാനും മഹാനുമായ ജനമേജയരാജർഷി സർപ്പസത്രം ചെയ്യുന്ന സ്ഥലത്ത്, അതിൽ പങ്കുകൊണ്ട്, കുറെനാൾ ഞാൻ താമസിച്ചു. അവിടെ ജനമേജയരാജർഷിയോട് വൈശമ്പായനൻ, കൃഷ്ണദ്വൈപായനൻ രചിച്ച പുണ്യചരിത്രങ്ങൾ പറയുന്നതുകേട്ട് കഴിഞ്ഞുകൂടി. മഹാഭാരതത്തിലെ പുണ്യചരിത്രകഥകൾ കേട്ട് പഠിച്ചശേഷം തീർത്ഥങ്ങളും ക്ഷേത്രങ്ങളും സന്ദർശിച്ചു.

വിദ്വാന്മാർ ആദരിക്കുന്ന സമന്തപഞ്ചകം എന്ന പുണ്യസ്ഥലത്തു ഞാൻ ചെന്നു. പണ്ട് ആ സ്ഥലത്തുവച്ചാണ് കുരുപാണ്ഡവന്മാർ, മറ്റു പല രാജാക്കന്മാരുമൊത്ത്, പരസ്പരം യുദ്ധം ചെയ്തത്. വിപ്രരേ, പിന്നീട് ഞാൻ നിങ്ങളെ കാണുവാൻ ആഗ്രഹിച്ച് ഇങ്ങോട്ടുപോന്നു. ആയുഷ്മാന്മാരായ നിങ്ങൾ തീർച്ചയായും ബ്രഹ്മമയന്മാരാണ്! ഈ യജ്ഞത്തിൽ നിങ്ങൾ അർക്കനെപ്പോലെയും അഗ്നിയെപ്പോലെയും തേജസ്വികളായി വിളങ്ങുന്നു. അവഭൃഥസ്നാനം[2] ചെയ്ത് ജപഹോമവിധികൾ അനുഷ്ഠിച്ച് ശുദ്ധരായി ഇരുന്നരുളുന്ന നിങ്ങളുടെ പവിത്രസന്നിധിയിൽ ഞാൻ എന്താണ് പറയേ

---

1. പുരാണകഥാകഥനംകൊണ്ട് ശ്രോതാക്കളിൽ രോമാഞ്ചം കൊള്ളിച്ചതിനാൽ 'ലോമഹർഷണൻ' എന്ന് പ്രസിദ്ധനായ സൂതൻ. ക്ഷത്രിയന് ബ്രാഹ്മണസ്ത്രീയിൽ ജനിച്ച സന്താനപരമ്പരയാണ് സൂതവംശം. വ്യാസന്റെ ശിഷ്യനായിരുന്നു സൂതൻ.
2. യാഗാവസാനത്തിലെ സ്നാനം.

DC BOOKS

ണ്ടത്? ധർമ്മാർത്ഥങ്ങളുമായി ബന്ധപ്പെട്ട പുരാണങ്ങളിൽ, നരേന്ദ്രന്മാരുടെയും മാമുനിമാരുടെയും ശ്രേഷ്ഠമായ ചരിതങ്ങളിൽ, ഏതാണു പറയേണ്ടത്?''

ഋഷികൾ പറഞ്ഞു: ''പരാശരാത്മജനായ വ്യാസൻ നിർമ്മിച്ചതും പരീക്ഷിത്തിന്റെ പുത്രനായ ജനമേജയനോട് വൈശമ്പായനൻ പറഞ്ഞുകൊടുത്തതും നാലു വേദങ്ങളുടെ സത്ത് ഉൾക്കൊള്ളുന്നതും സുരബ്രഹ്മർഷികൾ ശ്ലാഘിക്കുന്നതും ശ്രേഷ്ഠമായ ചിത്രപർവ്വബന്ധംകൊണ്ട് മനോജ്ഞമായതും സൂക്ഷ്മാർത്ഥന്യായങ്ങൾ ചേർന്നതും പുണ്യാർത്ഥംകൊണ്ട് പൂർണ്ണമായതും സർവ്വശാസ്ത്രവൃത്തിയോടുകൂടി ശോഭിക്കുന്നതും ശുദ്ധപുണ്യസംഹിതയുള്ളതും വേദമാർഗ്ഗത്തിന്റെ പൊരുള് അണിഞ്ഞതും ആയ മഹാഭാരതകഥ പറഞ്ഞാലും. പാപനാശനമായ ആ ഇതിഹാസം കേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.''

സൂതൻ പറഞ്ഞു: ''ആദിചൈതന്യനും ഹോമത്തിനും സ്തോത്രത്തിനും ഫലം നല്കുന്നവനും വിശ്വാത്മാവും പുരാണനും പരനും അവ്യയനും പരാപരങ്ങൾ സൃഷ്ടിക്കുന്നവനും മംഗളനും സദസദാകാരനും വരേണ്യനും അനഘനും ശുചിയും വിശ്വാചാര്യനും ഈശാനബ്രഹ്മവിഷ്ണുമയനുമായ ഹൃഷീകേശനെ വണങ്ങി അത്ഭുതകർമ്മാവായ വ്യാസമഹർഷിയുടെ സർവ്വസമ്മതമായ ആശയം എല്ലാം ഞാൻ പറയുന്നുണ്ട്. എല്ലാവരും ആദരിക്കുന്ന ആ കഥ പലരും പറഞ്ഞിട്ടുണ്ട്, പലരും പറയുന്നുണ്ട്, പലരും പറയുകയും ചെയ്യും. ശബ്ദഭംഗിയിൽ ഇതു വൃത്തവിചിത്രംകൊണ്ടു മധുരവും സർവ്വാദരണീയവും ശുഭാവഹവും ദിവ്യമാനുഷസങ്കേതങ്ങൾക്ക് മംഗളപ്രദവും വിബുധന്മാർക്കു പ്രിയകരവുമായ ഇതിഹാസമാകുന്നു.

തേജഃപ്രകാശം ഇല്ലാതെ എല്ലായിടവും തമസ്സിലാണ്ടുകിടന്ന കാലത്തു യുഗത്തിന്റെ ആദിയിൽ പ്രജാബീജവും അവ്യയവുമായ അണ്ഡമുണ്ടായി, ബ്രഹ്മാണ്ഡം! ലോകകാരണമായ അതിൽ നിത്യമായ സത്യജ്യോതിർബ്രഹ്മതത്ത്വം ഒത്തുചേർന്നിരുന്നു എന്നാണ് ശ്രുതി. അത്ഭുതവും അചിന്ത്യരൂപവും അവ്യക്തവും ദിവ്യവും സദസദാത്മകവുമായ അതിന്റെ ഹേതു അറിയാൻ പ്രയാസമാണ്. അതിൽ ബ്രഹ്മാവിഷ്ണുശിവാംഗനും (ത്രിമൂർത്തിരൂപനായ) പ്രഥമപിതാമഹനുമായ പ്രജാപതി ഉദിച്ചു. പിന്നെ മനു, സ്വയംഭൂവായ ദേവത, പരമേഷ്ഠി, പത്ത് പ്രചേതസ്സുകൾ, ദക്ഷൻ, ഏഴ് ദക്ഷനന്ദനന്മാർ എന്നിവർ ഉണ്ടായി. പിന്നെ ഇരുപത്തൊന്നു പ്രജാപതികളും സർവ്വർഷികളിലും ജ്ഞാനിയും സാക്ഷാൽ സർവ്വരൂപനും പരമാത്മാവുമായ ദേവന്റെ വിഭൂതികളായി വിശ്വേദേവകളും എട്ടു വസുക്കളും പന്ത്രണ്ട് ആദിത്യന്മാരും രണ്ട് അശ്വിനീദേവന്മാരും ഉണ്ടായി. യക്ഷസാദ്ധ്യപിശാചുക്കളും ഗുഹ്യകന്മാരും പിതൃക്കളും ഉണ്ടായി. പിന്നെ പണ്ഡിതബ്രഹ്മചാരികളായ മുനികളും രാജൽഗുണന്മാരായ രാജർഷിമാരും ആവിർഭവിച്ചു. പിന്നെ അപ്പ്, അർക്കൻ, ദ്യോവ്, ഭൂമി, വായു, അഭ്രം, ചന്ദ്രൻ, അഗ്നി, ദിക്കുകൾ, ഋതുക്കൾ, മാസങ്ങൾ, പക്ഷങ്ങൾ, രാവ്, പകൽ എന്നിവയും സർവ്വചരാചരങ്ങളും ഉണ്ടായി. ലോകസാക്ഷികളായി നില്ക്കുന്ന

ചരാചരങ്ങളായ സർവ്വവസ്തുക്കളും ഇതിൽ ഉണ്ടായി. അവസാനം പ്രളയമുണ്ടാവുകയും ഇതിൽ എല്ലാം ലയിക്കുകയും ചെയ്യും. ഋതുഭേദങ്ങൾ ഓരോരോ ഋതുക്കളിലും ഉത്ഭവിക്കുന്ന മാതിരി ഇവയൊക്കെ ഓരോ യുഗത്തിലും പുതുതായി ബ്രഹ്മത്തിൽനിന്ന് ഉത്ഭവിക്കുകയും പ്രളയത്തിൽ എല്ലാം ബ്രഹ്മത്തിൽ ചെന്ന് ലയിക്കുകയും ചെയ്യും. ഇങ്ങനെ ഉദിച്ചും നശിച്ചും വീണ്ടും ഉദിച്ചും നശിച്ചും സംസാരചക്രം ആദ്യന്തമില്ലാതെ ചുറ്റിക്കൊണ്ടിരിക്കുന്നു. മുപ്പത്തി മൂവായിരത്തി മുന്നൂറ്റി മുപ്പത്തിമൂന്നാണല്ലോ ചുരുക്കത്തിൽ ദേവസൃഷ്ടികൾ.

വിവസ്വാന് ദ്യോവിൽനിന്നു ബൃഹത്ഭാനു, ചക്ഷു, ആത്മാവ്, വിഭാവസു, ഋചീകൻ, സവിതാവ്, അർക്കൻ, ഭാനു, ആശാവഹൻ, രവി എന്നീ പുത്രന്മാരുണ്ടായി. ഈ വർഗത്തിൽ ശ്രേഷ്ഠൻ രവിയാകുന്നു. അവന്റെ പുത്രൻ ദേവഭ്രാട്ടാണ്. അവന്റെ പുത്രൻ സുഭ്രാട്ടാകുന്നു. സുഭ്രാട്ടിന് മൂന്നു പുത്രന്മാരുണ്ടായി. അവർ ദശജ്യോതിസ്സ്, ശതജ്യോതിസ്സ്, സഹസ്രജ്യോതിസ്സ് എന്നിവരാണ്. ഇവരെല്ലാം നല്ല സന്താനങ്ങളോടുകൂടിയവരും ജ്ഞാനികളുമാണ്. ദശജ്യോതിസ്സിന് പതിനായിരം പുത്രന്മാരുണ്ടായി. അതിലും പത്തിരട്ടി പുത്രന്മാർ ശതജ്യോതിസ്സിനുണ്ടായി. അതിനെക്കാൾ പത്തിരട്ടി സഹസ്രജ്യോതിസ്സിനും ഉണ്ടായി. ഈ വഴിക്കു കുരുകുലവും യാദവകുലവുമുണ്ടായി. അങ്ങനെ യയാതി, ഇക്ഷ്വാകു എന്നിവരുടെ വംശമുണ്ടായി. അനേകം വംശങ്ങളിൽ അസംഖ്യം സൃഷ്ടിപരമ്പരകളുമുണ്ടായി.

ഭൂതസ്ഥാനസ്ഥിതി, ത്രിവർഗ്ഗരഹസ്യങ്ങൾ, കർമ്മോപാസന, വിജ്ഞാനകാണ്ഡം, ത്രൈവർഗ്ഗികങ്ങൾ, ധർമ്മകാമാർത്ഥവിസ്താരങ്ങൾ, മഹാശാസ്ത്രജാലങ്ങൾ, ലോകയാത്രകൾ ഇവയെല്ലാം പൂർണ്ണമായി മുനീശ്വരൻ യോഗത്താൽ കണ്ടു. പലവിധം ഇതിഹാസങ്ങളും അതിന്റെ വ്യാഖ്യാനവും ശ്രുതിപ്പൊരുളുകളും എല്ലാം ഇതിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. ഇതാണ് ഈ ഗ്രന്ഥത്തിന്റെ സ്വരൂപം. മുനീശ്വരൻ മഹാജ്ഞാനം വിസ്തരിച്ചും സംക്ഷേപിച്ചും ബുധന്മാരുടെ പ്രിയം അനുസരിച്ച് പറഞ്ഞിട്ടുണ്ട്.

മനുമുതൽക്കാണ് ഭാരതം തുടങ്ങുന്നതെന്നും ആസ്തീകം മുതൽക്കാണ് ഭാരതം തുടങ്ങുന്നതെന്നും ഉപരിചരൻ എന്ന വസുവിന്റെ ചരിതം മുതൽക്കാണ് ഭാരതം തുടങ്ങുന്നതെന്നും പലതരത്തിൽ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. വിസ്തരിച്ചുപറയുന്ന ഭാരതത്തെ അനേകസംഹിതാജ്ഞാനമെന്ന് മനീഷികൾ പറയുന്നു. ചിലർ ഇതിനെ വ്യാഖ്യാനിക്കുകയും ചിലർ വിടാതെ ദൃഢമായി ഹൃദയത്തിൽ ഗ്രഹിച്ച് ജീവിക്കുകയും ചെയ്യുന്നു.

തപോവ്രതം, ബ്രഹ്മചര്യം എന്നിവയാൽ ആത്മശക്തി നേടി സത്യവതീസുതനായ ഭഗവാൻ വ്യാസൻ പുണ്യമായ ഈ ഇതിഹാസം കല്പിച്ചു. ഇപ്രകാരം ഈ മഹാഖ്യാനമൊക്കെ കല്പിച്ച ബ്രഹ്മജ്ഞനും വ്രതനിഷ്ഠനും പരാശരപുത്രനും ആയ ബ്രഹ്മർഷി ഇത് എങ്ങനെ ശിഷ്യലോകർക്ക് പറഞ്ഞുകൊടുക്കും എന്ന് ഓർത്തു വിഷമിച്ച് ഇരിപ്പായി. ഈ സമയത്ത് മഹർഷിയുടെ വിഷമാവസ്ഥയറിഞ്ഞ് മുനിയുടെ പ്രീതിക്കും സർവ്വ

ലോകരുടെയും ഹിതത്തിനുംവേണ്ടി ലോകഗുരുവായ ബ്രഹ്മാവ് ആ കൃഷ്ണദ്വൈപായനന്റെ മുമ്പിൽ പ്രത്യക്ഷനായി. ബ്രഹ്മാവിനെ കണ്ട് അത്ഭുതപ്പെട്ട് ആ മഹാൻ എഴുന്നേറ്റ് പീഠം നല്കി മുനിമാരോടുകൂടി ഭക്ത്യാദരപുരസ്സരം കൈകൂപ്പി നിന്നു.

ബ്രഹ്മാവിന്റെ അനുജ്ഞപ്രകാരം വ്യാസൻ അരികെയിരുന്നു. അങ്ങനെ ആനന്ദഹാസത്തോടെ ഇരിക്കുമ്പോൾ, വ്യാസൻ ബ്രഹ്മാവിനോട് വിനയത്തോടെ പറഞ്ഞു.

## മഹാഭാരതം രചിച്ച കഥ

"പിതാമഹ! ഞാൻ ഒരു കാവ്യം രചിച്ചിട്ടുണ്ട്. ബൃഹത്തായ അത് ബുധന്മാർ പൂജിക്കുമെന്ന് വിശ്വസിക്കുന്നു. വേദരഹസ്യങ്ങൾ, മറ്റ് ശാസ്ത്രങ്ങൾ, അംഗങ്ങളോടും ഉപാംഗങ്ങളോടുംകൂടിയ വേദങ്ങൾ, ഉപനിഷത്തുകൾ, വേദങ്ങളുടെ വിസ്താരങ്ങൾ, ഗതിക്ക് ഉന്മേഷപോഷണങ്ങളായ ഇതിഹാസപുരാണങ്ങൾ, ഭൂതഭവ്യഭവൽഭാവപൂതമായ കാലലക്ഷണം, ജരാമരണഭീതി, വ്യാധിഭാവാഭാവനിരൂപണം, നാനാധർമ്മങ്ങൾ കലരുന്ന ആശ്രമങ്ങളുടെ ലക്ഷണം, ചാതുർവ്വർണ്ണ്യം തിരിഞ്ഞ് ആദ്യകാലത്തുണ്ടായ ക്രമം, ബ്രഹ്മചര്യം, തപസ്സ്, ഭൂമി, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ, താരങ്ങൾ എന്നിവയുടെ മാനം, യുഗസ്ഥിതി, ഋക്ക്, യജുസ്സ്, സാമം ഇവയുടെ നില, അദ്ധ്യാത്മവിധി, ചിന്തനം, ന്യായശിക്ഷാചികിത്സാദികൾ, ദാനം, പാശുപതം, ദിവ്യമാനുഷജന്മങ്ങൾക്കുള്ള യുക്തിദർശനം, തീർത്ഥങ്ങൾ, പുണ്യദേശങ്ങൾ ഇവയുടെ കീർത്തനങ്ങൾ, നദി, ശൈലം, വനം, കടൽ ഇവയെക്കുറിച്ചുള്ള വർണ്ണനം, പുരങ്ങൾ, ദിവ്യകല്പങ്ങൾ, മുറകൾ, സംഗരകൗശലങ്ങൾ, വാക്കിന്റെ ജാതിഭേദങ്ങൾ, ശ്ലാഘ്യമായ ലോകയാത്ര എന്നിവയും മറ്റു പലതും ഞാൻ ഇതിൽ മിക്കവാറും ഒപ്പിച്ചിട്ടുണ്ട്. ഇവയൊക്കെ മനസ്സിൽ സങ്കല്പിച്ചുവച്ചിട്ടുണ്ടെന്നല്ലാതെ എഴുതുവാൻ പറ്റിയ ഒരാളെ ലോകത്തിൽ എനിക്കു കണ്ടുകിട്ടിയിട്ടില്ല."

ബ്രഹ്മാവ് പറഞ്ഞു: "തപോബലംകൊണ്ടും അടിയുറച്ച ശ്രേഷ്ഠജ്ഞാനംകൊണ്ടും മേന്മകൂടിയ മഹർഷിമാരിൽ ഭവാൻ മികവുറ്റവനാണെന്നാണ് എന്റെ അഭിപ്രായം. ജന്മംമുതൽ വേദജ്ഞാനിയായി വിളങ്ങുന്ന ഭവാന്റെ മൊഴിക്ക് സത്യതയുണ്ട്. അങ്ങ് കാവ്യമെന്നു പറഞ്ഞാൽ അത് കാവ്യമാകും, തീർച്ചയാണ്! കവീന്ദ്രന്മാർക്ക് ആർക്കും ഈ കാവ്യം കവച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല. ഭൂമിയിൽ ഇതിനെക്കാൾ വിശേഷപ്പെട്ട ഒരു കാവ്യം തീർക്കുവാൻ ഒരു കവീന്ദ്രനും സാദ്ധ്യമല്ല, അന്യ ആശ്രമികൾക്ക് ഗൃഹസ്ഥാശ്രമം എളുപ്പമല്ലാത്തതുപോലെ ഈ കാവ്യം എഴുതുവാൻ ഭവാൻ വിഘ്നേശ്വരനെ നിനയ്ക്കുക."

സൂതൻ പറഞ്ഞു: ഇപ്രകാരം പറഞ്ഞ് ബ്രഹ്മാവ് മറഞ്ഞു. ഉടനെ വ്യാസൻ ഗണപതിയെ ധ്യാനിച്ചു. തൽക്ഷണം ഭക്തകാമദനായ ഹേരംബൻ* വ്യാസന്റെ മുമ്പിൽ പ്രത്യക്ഷനായി. വ്യാസൻ വിഘ്നേശ്വരനെ പൂജിച്ചിരുത്തി തൊഴുത് ഉണർത്തിച്ചു."

* ഗണപതി (ശിവന്റെ അടുക്കൽ സ്ഥിതിചെയ്യുന്നവൻ എന്നർത്ഥം).

വ്യാസൻ പറഞ്ഞു: “ഹേ ഗണനായക! ഞാൻ എന്റെ മനസ്സിൽ തീർത്തു വച്ചിട്ടുള്ള മഹാഭാരതം ചൊല്ലിത്തരാം; ഭവാൻ അത് നന്നായൊന്ന് എഴുതിത്തന്നാൽ കൊള്ളാമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു!”

“വ്യാസന്റെ അപേക്ഷ കേട്ട് വിഘ്നേശ്വരൻ പറഞ്ഞു: “ഭവാൻ ചൊല്ലുന്ന മഹാഭാരതം ഞാൻ എഴുതിത്തരാം. ഇടയ്ക്ക് എഴുത്താണി നിർത്തുവാൻ ഇടയാക്കാതിരിക്കയാണെങ്കിൽ!”

വ്യാസൻ പറഞ്ഞു: “എന്നാൽ ഒരു കാര്യമുണ്ട്. ഞാൻ ചൊല്ലുന്ന സമയത്ത് ഭവാൻ അതിന്റെ അർത്ഥം ഗ്രഹിച്ചിട്ടുവേണം എഴുതുവാൻ. അർത്ഥം ധരിക്കാതെ എഴുതരുത്.”

ഗണേശൻ “അങ്ങനെയാകട്ടെ” എന്ന് പറഞ്ഞു. ഇങ്ങനെ ഗണപതി ലേഖകനായി.

ഗണപതി എഴുതുവാൻ തുടങ്ങി. വ്യാസൻ കൃതിക്ക് രൂപമുണ്ടാക്കി, അതിനെ കൗതുകത്തോടെ പ്രതിജ്ഞാപൂർവ്വം ചൊല്ലുവാൻ തുടങ്ങി. ഗണേശൻ കേട്ട് അതിവേഗം എഴുതുവാനും തുടങ്ങി. എണ്ണായിരത്തി എണ്ണൂറ് ശ്ലോകങ്ങളുടെ ഗൂഢാർത്ഥം ഈ ഞാൻ കണ്ടിട്ടുണ്ട്, ശുകമഹർഷിയും കണ്ടിട്ടുണ്ട്. സഞ്ജയന് കാണാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. അർത്ഥം ഗ്രഹിക്കുവാൻ കഴിയാത്തതും കടുപ്പമേറിയതും കെട്ടുപിണഞ്ഞതും ഗൂഢാർത്ഥബന്ധത്തോടുകൂടിയതുമായ ശ്ലോകങ്ങൾ ഇതിൽ വേണ്ടുവോളമുണ്ട്. അവ ഉടച്ചെടുക്കുവാൻ വിഷമമുണ്ട്. മഹർഷിമാരേ! ഗണേശൻ സർവ്വജ്ഞനാണെങ്കിലും അല്പസമയം ചിലപ്പോൾ ചിന്തിച്ചിരുന്നുപോകും! അതിനിടയ്ക്ക് വ്യാസൻ അനേകം പദ്യങ്ങൾ തീർക്കും!

വർദ്ധിച്ച അജ്ഞാനതിമിരത്താൽ മിഴികെട്ട ലോകരിൽ ജ്ഞാനാഞ്ജനശലാകകൊണ്ട് താനെ ഇത് തെളിവു നല്കുന്നു.

ധർമ്മാർത്ഥകാമമോക്ഷങ്ങൾ കൂട്ടിച്ചേർത്തും വേർതിരിച്ചും കാണിക്കുന്ന ഭാരതസൂര്യൻ നാട്ടുകാരുടെ ഇരുട്ടു നീക്കി, ഈ പുരാണമാകുന്ന പൂർണ്ണേന്ദു, വേദമാകുന്ന നിലാവുവിരിച്ച് നരന്മാരുടെ ചിത്തമാകുന്ന കുമുദനിരകളെ നീളെ വികസിപ്പിക്കുന്നു. ഇതിഹാസമാകുന്ന ഈ വിളക്ക് അജ്ഞാനമാകുന്ന വലിയ ഇരുട്ടുനീക്കി ലോകരുടെ ഹൃദയമാകുന്ന ഗൃഹം എല്ലായിടത്തും തെളിയിക്കുന്നു. സംഗ്രഹാദ്ധ്യായമാകുന്ന വിത്തും പൗലോമാസ്തീകമാകുന്ന വേരുകളും സംഭവസ്കന്ധവിരിവും സഭാരണ്യവിടങ്കവും (പക്ഷിക്കൂട്), അരണീപർവ്വനിറവും വിരാടോദ്യോഗസാരവും ഭീഷ്മപർവ്വമാകുന്ന വലിയ കൊമ്പും, ദ്രോണപർവ്വമാകുന്ന ദളസമൂഹവും കർണ്ണപർവ്വമാകുന്ന പുതുപുഷ്പവും ശല്യപർവ്വമാകുന്ന സുഗന്ധവും സ്ത്രീപർവ്വൈഷികങ്ങളായ നിഴലും, ശാന്തിപർവ്വമാകുന്ന ഫലൗഘവും അശ്വമേധമാകുന്ന അമൃതരസവും ആശ്രമസ്ഥാനനിഷ്ഠയും മൗസലശ്രുത്യന്തവുമായി എല്ലായ്പോഴും ദ്വിജസേവിതമായി (പക്ഷികൾ എന്നും ബ്രാഹ്മണർ എന്നും) നില്ക്കുന്ന ഈ ഭാരതമഹാവൃക്ഷം സൽക്കവികൾക്ക്, മേഘങ്ങൾ ജീവികൾക്കെന്നവിധം, ജീവനപ്രദമായിത്തീരും. ആശ്രയമായി ഭവിക്കും. ആ മഹാവൃക്ഷത്തിന്റെ ആസ്വാദവിശുദ്ധവും അനശ്വരവും സുര

DC BOOKS

ന്മാർക്കുപോലും അച്ഛേദ്യവുമായി ശോഭിക്കുന്ന അനശ്വരമായ സത്യപുഷ്പ ഫലോദയത്തെ ഞാൻ പറയാം.

അമ്മ കല്പിക്കുകയാൽ, ഭീഷ്മന്റെ സമ്മതത്തോടുകൂടി പണ്ട് കൃഷ്ണ ദ്വൈപായനമഹർഷി വിചിത്രവീര്യന്റെ ഭാര്യമാരിൽ, അഗ്നികളെപ്പോലെ, തേജസ്വികളായ മൂന്നു പുത്രന്മാരെ ജനിപ്പിച്ചു. ധൃതരാഷ്ട്രൻ, പാണ്ഡു, വിദുരൻ—ഇവർ മൂന്നുപേരുമായിരുന്നു അവർ. പിന്നെ, മുനി തന്റെ ആശ്രമത്തിൽ തപസ്സിനായി പോവുകയും ചെയ്തു.

പുത്രന്മാരുണ്ടായി, ജീവിച്ചു. അവർക്കും പുത്രന്മാരുണ്ടായി. എല്ലാവരും കാലഗതി പ്രാപിക്കുകയും ചെയ്തു. മഹർഷി മഹാഭാരതം നിർമ്മിച്ചു. ജനമേജയൻ സദസ്യമദ്ധ്യത്തിൽവച്ച് വ്യാസശിഷ്യാഗ്രഗണ്യനായ വൈശമ്പായനനോട് ആവശ്യപ്പെട്ടതനുസരിച്ച് മഹാഭാരതം യജ്ഞക്രിയകൾക്കിടയിൽ വിസ്തരിച്ച് ചൊല്ലിക്കേൾപ്പിച്ചു. ജനമേജയരാജാവും വിപ്രന്മാരും കഥ കേട്ട് ഇരുന്നു.

കുരുവംശത്തിന്റെ പരപ്പും ഗാന്ധാരിയുടെ ധർമ്മനിഷ്ഠയും വിദുരന്റെ ജ്ഞാനവും കുന്തിയുടെ ധൈര്യവും വ്യാസൻ പറഞ്ഞു. കൃഷ്ണന്റെ മാഹാത്മ്യവും പാണ്ഡവന്മാരുടെ സത്യവും ധാർത്തരാഷ്ട്രന്മാരുടെ ദുഷ്ടധൂർത്തും മുനീശ്വരൻ പറഞ്ഞു. പുണ്യകർമ്മികളായ ജനങ്ങളുടെ ഉപാഖ്യാനങ്ങളോടുകൂടിയ ഉത്തമമായ ആദ്യഭാരതം ഒരുലക്ഷം ശ്ലോകത്തിൽ നിർമ്മിച്ചിരിക്കുന്നു. ഭാരതസംഹിത ഉപാഖ്യാനങ്ങൾകൂടാതെയുള്ള ഭാരതമാണ്. അതു മുനി തീർത്തത് ഇരുപത്തിനാലായിരം ശ്ലോകംകൊണ്ടാണ്. പിന്നെ, മുനി നൂറ്റമ്പത് ശ്ലോകംകൊണ്ട് സംക്ഷിപ്തഭാരതം നിർമ്മിച്ചു. അനുക്രമണികാദ്ധ്യായം, കഥാപർവ്വസംഗ്രഹം ഇവ രണ്ടും ആദ്യം മുനി തന്റെ പുത്രനായ ശുകന് പറഞ്ഞുകൊടുത്തു. പിന്നീട് മറ്റു നാലു ശിഷ്യന്മാർക്കും പറഞ്ഞുകൊടുത്തു.

പിന്നെ, സംഹിത അറുപതുലക്ഷം ശ്ലോകത്തിൽ മുനി വേറെയും രചിച്ചു. മുഖ്യമായ മുപ്പതുലക്ഷം ദേവന്മാർക്കും പതിനഞ്ചുലക്ഷം പിതൃക്കൾക്കും പതിന്നാലുലക്ഷം ഗന്ധർവ്വന്മാർക്കുംവേണ്ടി തീർത്തു. നരലോകത്തിലുള്ള മഹാഭാരതം ഒരു ലക്ഷത്തിൽ നിർമ്മിച്ചതാണ്.

അനന്തരം ഈ ഇതിഹാസം നാരദൻ ദേവകൾക്കു ചൊല്ലിക്കേൾപ്പിച്ചു; പിതൃക്കൾക്ക് ദേവലൻ ചൊല്ലിക്കേൾപ്പിച്ചു; ഗന്ധർവ്വയക്ഷരക്ഷോവർഗ്ഗമദ്ധ്യത്തിൽ ശുകൻ ചൊല്ലിക്കേൾപ്പിച്ചു. മനുഷ്യലോകത്തിൽ വേദവേദാംഗപാരംഗനും ധർമ്മശീലനും വ്യാസശിഷ്യനുമായ വൈശമ്പായമുനി ചൊല്ലിക്കേൾപ്പിച്ചു. ആ ഒരു ലക്ഷം ഞാൻ പറയാം, നിങ്ങൾ കേട്ടാലും.

ദുര്യോധനൻ ക്രോധരൂപമായ മഹാവൃക്ഷമാണ്. തായ്ത്തടി കർണ്ണനാണ്. സൗബലൻ ശാഖകളാണ്. ദുശ്ശാസനൻ ഫലപുഷ്പങ്ങളാണ്. മൂലം ബുദ്ധിപിഴച്ച ധൃതരാഷ്ട്രരാജാവാണ്.

യുധിഷ്ഠിരൻ ധർമ്മമാകുന്ന മഹാവൃക്ഷമാണ്. തായ്ത്തടി പാർത്ഥനാണ്. ശാഖകൾ ഭീമസേനനാണ്. മാദ്രേയന്മാർ പുഷ്പഫലങ്ങളാണ്. മൂലം കൃഷ്ണനും വേദവും ബ്രഹ്മജ്ഞരുമാണ്.

മാന്യനായ പാണ്ഡുമഹാരാജാവ് പല നാടുകളും ബുദ്ധികൊണ്ടും വിക്രമംകൊണ്ടും കീഴടക്കി. പിന്നെ, മൃഗയാസക്തനായ രാജാവ് മാമുനിമാരുമായി കാട്ടിൽ വസിച്ചു. ഇണചേർന്ന മാനിനെ കൊന്നതുകൊണ്ട് ദുഃഖം വന്നുചേർന്നു.[1] അവിടെ കർമ്മവിധിക്രമത്താൽ പാർത്ഥർക്ക് ജന്മം വന്നുകൂടി. ധർമ്മോപനിഷത്തു[2] പ്രകാരമുള്ള വൃത്തി അമ്മമാർക്കുണ്ടായി. ധർമ്മൻ, വായു, സുരേന്ദ്രൻ, അശ്വിനീദേവകൾ എന്നിവരുടെ സംബന്ധത്താൽ ധർമ്മസിദ്ധിയെ പ്രാപിച്ചു. കുട്ടികൾ ജനനിമാരുടെ രക്ഷയിൽ മുനിമാരോടുകൂടി പുണ്യാശ്രമത്തിൽ വളർന്നു. അനന്തരം ഋഷിമാരോടുകൂടി ധൃതരാഷ്ട്രന്റെയും ദുര്യോധനന്റെയും അടുത്ത് അവർ എത്തി. "സമർത്ഥരും സുന്ദരന്മാരുമായ കൗന്തേയർ ജടയുള്ള ബ്രഹ്മചാരികളാകുന്നു. ഇവർ നിങ്ങൾക്ക് പുത്രന്മാരും സോദരന്മാരും ശിഷ്യരും ഇഷ്ടരുമാണ്. ഇവർ പാണ്ഡുപുത്രന്മാരാണ്," എന്നു പറഞ്ഞ് മുനിമാർ പോയി.

ഇപ്രകാരം മുനിമാർ തന്നേല്പിച്ചുപോയ അവരെ കണ്ട് കൗരവർ ശിഷ്ടന്മാരായ പൗരരോടുകൂടി സന്തോഷിച്ച് ആർത്തു. "ഇതു പാണ്ഡവരല്ല" എന്നു ചിലർ പറഞ്ഞു; "പാണ്ഡുപുത്രന്മാരാണ്!" എന്ന് വേറെ ചിലർ. "അവൻ എന്നോ മരിച്ചുപോയി!" "അങ്ങനെയാവാൻ വയ്യ!" എന്ന് മറ്റു ചിലരും പറഞ്ഞു. "ഭോ, പാണ്ഡുപുത്രരേ, സ്വാഗതം!" "ഭാഗ്യം! പാണ്ഡുപുത്രരെ കണ്ടു!" "പാണ്ഡുപുത്രന്മാർക്ക് സ്വാഗതം പറയൂ." ഇപ്രകാരമുള്ള സംസാരം അവിടെ മുഴങ്ങി. ഈ ബഹളം ഒന്നടങ്ങിയപ്പോൾ ദിക്കുകളൊക്കെ ഇരമ്പുന്ന വിധത്തിൽ ഒരു അശരീരിവാക്യം മുഴങ്ങി. ആകാശത്തുനിന്ന് സുരഭിലമായ പുഷ്പവർഷവും ശംഖനാദങ്ങളും ഭേരീനാദങ്ങളും പാണ്ഡുപുത്രന്മാരുടെ പ്രവേശത്തിലുണ്ടായി. ഈ സംഭവം പൗരന്മാരെ വീണ്ടും അത്ഭുതപ്പെടുത്തി; ഹർഷം വർദ്ധിപ്പിച്ചു. മാനവും കീർത്തിയും വർദ്ധിപ്പിക്കുന്ന ആ ഹർഷഘോഷം മാനത്തോളം പൊങ്ങി.

വേദശാസ്ത്രാദികളായ പലതും പഠിച്ച് പാർത്ഥർ അവിടെ ആദരവോടെ പാർത്തു. പ്രജകളോട് ധർമ്മപുത്രന്റെ ഉത്തമമായ പെരുമാറ്റം രാജ്യാംഗങ്ങളെ സന്തോഷിപ്പിച്ചു. ഭീമസേനന്റെ ധീരത, അർജ്ജുനന്റെ പരാക്രമം, കുന്തിയുടെ ഗുരുശുശ്രൂഷ, നകുലസഹദേവന്മാരുടെ വിനീതത്വം, എല്ലാവരുടെയും ശൗര്യഗുണം ഇവകൊണ്ട് ജനങ്ങളെല്ലാം സന്തുഷ്ടരായി.

രാജമദ്ധ്യത്തിൽവച്ച് അർജ്ജുനൻ രാജകന്യകയായ കൃഷ്ണയെ ആശ്ചര്യകരമായ വിക്രമംകൊണ്ട് സ്വയംവരത്തിൽ നേടി. അന്നുമുതൽ വില്ലാളികളായ രാജാക്കന്മാരിൽ അവൻ മാന്യനായി എന്നുതന്നെയല്ല, അവൻ സൂര്യനെപ്പോലെ പോരിൽ എതിർത്തുനോക്കാൻ പറ്റാത്തവനായി.

---

1. നായാട്ടിൽ അത്യധികം ആസക്തനായ പാണ്ഡു, മൃഗവേഷം ധരിച്ച് രതിക്രീഡ ചെയ്തുകൊണ്ടിരുന്ന ഒരു മുനിയെ വധിച്ചുവെന്നും ആ മുനി മരിക്കുന്ന സമയത്ത് പാണ്ഡുവിനെ ശപിച്ചുവെന്നുമുള്ള പുരാണകഥ സൂചിപ്പിക്കുന്നു.

2. ആപൽഘട്ടങ്ങളിൽ സ്ത്രീകൾക്ക് സന്താനലാഭത്തിനായി വിശിഷ്ടനായ പുരുഷനെ പ്രാപിക്കാമെന്ന് വ്യാസവസിഷ്ഠന്മാർ വിധിച്ചിട്ടുള്ള ധർമ്മത്തിന്റെ സംരക്ഷണം.

അവൻ എല്ലാ രാജാക്കന്മാരെയും സ്വന്തം വർഗ്ഗത്തോടെ ജയിച്ച് ധർമ്മജന് രാജസൂയം നടത്തി. അന്നവും ദക്ഷിണകളും മാത്രമല്ല എല്ലാ ഗുണങ്ങളും തികഞ്ഞ രാജസൂയത്തെ ധർമ്മജൻ നടത്തി. ശ്രീകൃഷ്ണന്റെ നയോപായത്താൽ ഭീമാർജ്ജുനന്മാരുടെ ബലം വർദ്ധിച്ചു. ശിശുപാലൻ, ജരാസന്ധൻ എന്നീ അഹങ്കാരികളായ ബലവാന്മാരെ വധിച്ചു.

വിശിഷ്ടമായ രത്നങ്ങൾ, സ്വർണ്ണങ്ങൾ, പശു, ആന, കുതിര മുതലായവ, വിചിത്രവസ്ത്രങ്ങൾ, കംബളങ്ങൾ, വിരിപ്പുകൾ, പുതപ്പുകൾ, കരിമ്പടങ്ങൾ, രോമമെത്തകൾ എന്നിവ കാഴ്ചദ്രവ്യങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ദുര്യോധനന്റെ പാട്ടിൽ വന്നുകൂടി. അവയെല്ലാം ദുര്യോധനൻ വാങ്ങിവച്ചു.

ഇപ്രകാരം പാണ്ഡവന്മാരുടെ അത്യുച്ചമായ ശ്രീ കണ്ട് ഈർഷ്യമൂത്ത് അവനു വലിയ കോപമുണ്ടായി. മയൻ സ്വർഗ്ഗീയവിഭവങ്ങൾ ചേർത്തു നിർമ്മിച്ച അത്ഭുതമായ പാണ്ഡവസഭ കണ്ട് ദുര്യോധനൻ ഇണ്ടലിൽപ്പെട്ടു. അവൻ സഭയിൽ, കൃഷ്ണയുടെ കണ്ണിനുമുമ്പിൽവച്ചു കാൽതെറ്റി വീണതുകണ്ട് സ്നേഹമര്യാദവിട്ടു ഭീമൻ പൊട്ടിച്ചിരിച്ചു. ഇത് അവനെ കൂടുതൽ ആകുലനാക്കി. പല രത്നങ്ങളും ഉപഭോഗങ്ങളും ഉണ്ടായിരുന്നിട്ടും ദുര്യോധനൻ മെലിഞ്ഞ്, വിളറി, കെട്ട്, ഉള്ളുരുകിവശായി. പുത്രപ്രിയനായ ധൃതരാഷ്ട്രൻ പുത്രനെ ചൂതിന് അനുവദിച്ചു. ഇതുകേട്ടിട്ട് ഗോവിന്ദന് അത്യധികമായ കോപം ജ്വലിച്ചു. എങ്കിലും അതിപ്രീതി കാണിക്കാതെ ഓരോരതിവാദത്തിൽ രസിച്ച്, ദ്യൂതാദികളായ ഘോരദുർന്നീതികളെയും അതുകൊണ്ടുണ്ടായ ആപത്തുകളെയും പൊറുത്തു.

ഭീഷ്മദ്രോണകൃപന്മാരെയും നിരസിച്ച് ദുര്യോധനൻ നേരെ രാജാക്കന്മാരെ തമ്മിൽ കൊല്ലിക്കുന്ന ഉഗ്രമായ പോരിന്നിറങ്ങി. പാണ്ഡവന്മാർ ജയിക്കുമ്പോൾ ചണ്ഡമായ അപ്രിയങ്ങളെ ധൃതരാഷ്ട്രൻ കേട്ടു. ദുര്യോധനന്റെ മതവും കർണ്ണസൗബലന്മാരുടെ ഹൃദയവും അറിഞ്ഞ ധൃതരാഷ്ട്രൻ നല്ലപോലെ ചിന്തിച്ച് സഞ്ജയനോടു പറഞ്ഞു.

ധൃതരാഷ്ട്രൻ പറഞ്ഞു: “ഹേ സഞ്ജയ, ഞാൻ പറയുന്നതു കേൾക്കൂ! നീ എന്നെ ഇതിൽ മുഴുവൻ കുറ്റപ്പെടുത്തരുത്. പഠിപ്പും അറിവും ധീയും ഉള്ള നീ വിദ്വജ്ജനസമ്മതനാണ്. യുദ്ധത്തിൽ എനിക്ക് ആശയില്ല. എന്റെ വംശം മുടിക്കുവാൻ ഞാൻ കൊതിക്കുന്നില്ല. എന്റെ പുത്രരും പാണ്ഡുപുത്രരും തമ്മിൽ ഒരു ഭേദവുമില്ല. കോപിഷ്ഠന്മാരായ മക്കളാണ് എന്നെ കുറ്റക്കാരനാക്കുന്നത്. കണ്ണില്ലാത്ത ഈ സാധുവിന്റെ മക്കളുടെ നന്ദിക്കുവേണ്ടി ഞാൻ എല്ലാം സഹിക്കുന്നു. സാധുവായ ദുര്യോധനൻ മോഹിക്കുമ്പോൾ ഞാനും ഒപ്പം മോഹിച്ചുപോകുന്നു. രാജസൂയത്തിൽ പാണ്ഡവരാജ്യശ്രീപുഷ്ടി കണ്ട ദുര്യോധനൻ, സഭയിൽവീണു പരിഹാസത്തെ ഏറ്റ ദുര്യോധനൻ, അമർഷിയായി പോരിൽ അവരെ വീഴ്ത്തുവാൻ കഴിയാത്ത ദുര്യോധനൻ, ക്ഷത്രിയോചിതമായി ഉത്സാഹിച്ച് രാജ്യശ്രീ കൈയടക്കുവാൻ ഉത്സാഹിച്ചാലും സാധിക്കാത്ത ദുര്യോധനൻ, കള്ളച്ചൂതിനു ശകുനിയോടൊത്തു

മന്ത്രിച്ചു. അതിൽ ഞാൻ കണ്ടതെന്താണെന്നു സഞ്ജയ! നീ കേൾക്കുക. ഞാൻ മനസ്സിൽ കണ്ട അധികമായ സത്യസ്ഥിതി നീ കേൾക്കുകയാണെങ്കിൽ ഹേ! സൂത, നീ എന്റെ അന്തശ്ചക്ഷുസ്സിന്റെ കാഴ്ചകൾ ഇതിലൂടെ കാണും.

**മഹാഭാരതം സംഗൃഹീതകഥ**

ചിത്രാചാപം കുലച്ചു ലക്ഷ്യം എയ്തു മുറിച്ച് സകല രാജാക്കന്മാരും കാൺകെ പാർത്ഥൻ കൃഷ്ണയെ വേട്ടു എന്ന വൃത്താന്തം എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

അർജ്ജുനൻ ദ്വാരകയിൽ ചെന്ന് സുഭദ്രയെ അപഹരിക്കുകയും പിന്നീട് രാമകൃഷ്ണന്മാർ ഇന്ദ്രപ്രസ്ഥത്തിൽ വരികയും ചെയ്തു എന്ന വൃത്താന്തം എന്നു ഞാൻ കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വലുതായ മഴ വർഷിച്ച ഇന്ദ്രനെ ശസ്ത്രശക്തികൊണ്ടു തടുത്ത് അർജ്ജുനൻ അഗ്നിക്കു ഖാണ്ഡവത്തെ നല്കി എന്ന വൃത്താന്തം എന്നു ഞാൻ കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

അരക്കില്ലത്തിൽനിന്നു കുന്തിയോടുകൂടി അവർ എല്ലാവരും ഒന്നിച്ചു രക്ഷപ്പെടുകയും വിദുരൻ മന്ത്രിയാവുകയും ചെയ്തു എന്ന വർത്തമാനം ഞാൻ എന്നു കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

രംഗമദ്ധ്യത്തിൽവച്ചു ലക്ഷ്യം ഭേദിച്ച് ദ്രൗപദിയെ നേടിയതുമൂലം പാഞ്ചാലന്മാർ പാണ്ഡവർക്കു ബന്ധുക്കളായി എന്ന വർത്തമാനം ഞാൻ എന്നു കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മഗധാധിപനും മനോർമന്നനുമായ ജരാസന്ധനെ ഭീമൻ കൈയൂക്കുകൊണ്ടു കൊന്നുവെന്ന് ഞാൻ എന്നു കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദിഗ്വിജയത്തിൽ പാണ്ഡവന്മാർ നാനാമന്നവന്മാരെ അടക്കി രാജസൂയം ഭംഗിയാക്കി എന്ന വർത്തമാനം എന്ന് എന്റെ കാതിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

തീണ്ടാരിയായി ഒറ്റവസ്ത്രം ധരിച്ചിരിക്കുന്ന, കേഴുന്ന കൃഷ്ണയെ, നാഥനില്ലാത്തവളെപ്പോലെ, സഭയിൽ കൊണ്ടുവന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ധൂർത്തനും മൂഢനുമായ ദുശ്ശാസനൻ ദ്രൗപദിയുടെ വസ്ത്രം എത്രതന്നെ പിടിച്ചഴിച്ചിട്ടും വസ്ത്രങ്ങളുടെ ഒരു അന്തവും കണ്ടില്ലെന്നുള്ള വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

DC BOOKS

ചൂതിൽ ശകുനി രാജ്യമെല്ലാം നേടിയപ്പോൾ, തോറ്റ ധർമ്മാത്മജന്റെ പിന്നാലെ എല്ലാ ഭ്രാതാക്കളും അനുസരണയോടെ നിന്നു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ക്ലേശത്തോടുകൂടി ജ്യേഷ്ഠന്റെ ഇഷ്ടത്തിനു വഴങ്ങി കാട്ടിലേക്കു പോകുന്ന പാണ്ഡവന്മാർ അന്ന് ഓരോ ചേഷ്ട കാണിച്ചതായി എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ധർമ്മരാജാവ് വനത്തിൽ വാഴുമ്പോൾ ധാരാളം സ്നാതകബ്രാഹ്മണർ ഒന്നിച്ച് ഭിക്ഷ അശിച്ചുകൊണ്ട് കൂടെയുണ്ട് എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദേവനായ കിരാതരുദ്രനെ പോരിൽ പ്രീതനാക്കി പാർത്ഥൻ നന്ദിയോടെ പാശുപതാസ്ത്രം കൈയിലാക്കി എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

സ്വർഗ്ഗത്തിലും ബ്രഹ്മചര്യത്തിനു കോട്ടം തട്ടിക്കാതെ അർജ്ജുനൻ നിഷ്ഠയോടെ ഇന്ദ്രനോടു ദിവ്യാസ്ത്രങ്ങൾ ഗ്രഹിച്ചു എന്ന വർത്തമാനം എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വരശക്തികൊണ്ടു ദേവന്മാർക്കുപോലും അവദ്ധ്യന്മാരായ കാലകേയാസുരന്മാരെന്ന ഏറ്റവും ശക്തരായ ആ പൗലോമന്മാരെ, അർജ്ജുനൻ ജയിച്ചു എന്ന വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഇന്ദ്രാത്മജനും വൈരിജിത്തുമായ കിരീടി ദൈത്യരെ കൊല്ലുവാൻ സ്വർഗ്ഗത്തിൽപ്പോയി കാര്യം നേടി സ്വർഗ്ഗത്തിൽനിന്നു മടങ്ങിവന്നു എന്ന വാർത്ത എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മർത്ത്യർ ചെല്ലാത്ത ദിക്കിൽച്ചെന്നു ഭീമൻ വിത്തേശനുമായി മറ്റു പാണ്ഡവന്മാരോടുകൂടിച്ചേർന്നു എന്ന വൃത്താന്തം എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കർണ്ണനോടുകൂടെ ഘോഷയാത്രയ്ക്കു പോയ എന്റെ പുത്രന്മാരെ ഗന്ധർവ്വന്മാർ ബന്ധിച്ച അന്ന് അർജ്ജുനൻ അവരെ വേർപെടുത്തിയെന്ന് എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

യക്ഷരൂപത്തിൽ വന്ന ധർമ്മൻ ചോദിച്ച പ്രശ്നങ്ങൾക്കെല്ലാം യുധിഷ്ഠിരൻ നന്നായി മറുപടി പറഞ്ഞു എന്ന വർത്തമാനം എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

DC BOOKS

മത്സ്യരാജാവിന്റെ നാട്ടിൽ കൃഷ്ണയും പാർത്ഥന്മാരും അജ്ഞാത വാസം ചെയ്തകാലത്ത് എന്റെ മക്കൾക്ക് അത് അന്ന് അറിയുവാൻ പറ്റി യില്ലെന്നുള്ള വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഗോഗ്രഹണത്തിൽവച്ച് ഒന്നിച്ച് ഏല്ക്കുന്നവരായ നമ്മുടെ വമ്പന്മാ രെയെല്ലാം പാർത്ഥൻ ഒറ്റയ്ക്ക് ഉടച്ചുകളഞ്ഞു എന്ന വർത്തമാനം എന്റെ ചെവിയിൽ എന്ന് എത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മത്സ്യൻ ഉത്തരപ്പെൺകുട്ടിയെ അർജ്ജുനന് നല്കിയപ്പോൾ അർജ്ജു നൻ അവളെ പുത്രഭാര്യയായി സ്വീകരിച്ചു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കു ണ്ടായിരുന്ന ആശ!

തോറ്റ്, കാശിനു വകയില്ലാതെ തെണ്ടി, നാട്ടുകാർ ഉപേക്ഷിച്ച്, നാടു വിട്ടുപോയ ധർമ്മപുത്രനും ഏഴ് അക്ഷൗഹിണിസൈന്യം ഉണ്ടായി എന്ന വർത്തമാനം എന്ന് കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

മാധവൻ, ഒന്നാമത്തെ കാലടിക്ക് ഭൂമി മുഴുവൻ പാട്ടിലാക്കിയ വാസു ദേവൻ, പാർത്ഥന്മാരുടെ അർത്ഥം നേടുവാൻ ഒരുങ്ങിയിരിക്കുകയാണെന്ന് എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനി ക്കുണ്ടായിരുന്ന ആശ!

കൃഷ്ണാർജ്ജുനന്മാർ നരനാരായണന്മാരാണെന്ന് നാരദനിൽനിന്ന് എന്ന് ഞാൻ കേട്ടുവോ, പിന്നെ ബ്രഹ്മലോകത്തിൽ അവരെ എന്നു ഞാൻ അപ്രകാരം കണ്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കു ണ്ടായിരുന്ന ആശ!

കൃഷ്ണൻ സന്ധിദൂതനായി വന്ന് നാടിന്റെ ഹിതത്തിനുവേണ്ടി കൗര വരുമായി സന്ധിപ്പിക്കുവാൻ ശ്രമിച്ചിട്ട് പറ്റാതെ പോയി എന്ന്, എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കൃഷ്ണനെ സംഹരിക്കുവാൻ കർണ്ണദുര്യോധനന്മാർ മനസ്സിൽ ഉന്നി യെന്നും അപ്പോൾ കൃഷ്ണൻ തന്റെ വിശ്വരൂപം കാട്ടിയെന്നും എന്നു കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വാസുദേവൻ പുറപ്പെട്ട സമയത്ത് തേരിന്റെ മുമ്പിൽനിന്ന് കുന്തി കേഴു മ്പോൾ കൃഷ്ണൻ ആശ്വസിപ്പിച്ചു എന്ന വർത്തമാനം എന്ന് എന്റെ ചെവി യിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായി രുന്ന ആശ!

മന്ത്രിയായി അവർക്ക് കൃഷ്ണനുണ്ടെന്നും ഭീഷ്മനും ദ്രോണനും ആശിസ്സുനല്കുന്നുണ്ടെന്നും എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഭീഷ്മർ യുദ്ധത്തിനുണ്ടെന്ന് പറഞ്ഞപ്പോൾ കർണ്ണൻ സൈന്യങ്ങളൊത്ത് യുദ്ധത്തിനില്ലെന്ന് പറഞ്ഞ് പിന്മാറിയെന്ന വർത്തമാനം എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വാസുദേവനും അർജ്ജുനനും മുഖ്യമായ ഗാണ്ഡീവചാപവും ഈ മൂന്നും ഒന്നിച്ചുചേർന്നു എന്ന വൃത്താന്തം എന്നു കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കരുണയോടും സങ്കടത്തോടുംകൂടി തേരിൽ നിഷ്ക്രിയനായി ഇരുന്ന അർജ്ജുനന് കൃഷ്ണൻ തന്റെ വിശ്വരൂപം കാട്ടിയതായി എന്നു ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഭീഷ്മൻ പതിനായിരം പേരെ നിത്യവും കൊല്ലുന്നുണ്ടെങ്കിലും പേർപുകഴ്ന്നവരെയാരെയും കൊല്ലുന്നില്ല എന്ന വർത്തമാനം എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ധർമ്മശീലനായ ഗംഗാപുത്രൻ തന്റെ ഹിംസയ്ക്കുള്ള ഉപായം താൻതന്നെ പാണ്ഡവന്മാർക്ക് പറഞ്ഞുകൊടുത്തതായി എന്നു കേട്ടുവോ, എന്ന് പാണ്ഡവന്മാർ ആ കൃത്യം എടുത്തുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ശൂരനായ ഭീഷ്മനെ, ശിഖണ്ഡിയെ മുന്നിൽ നിർത്തി, പിന്നിൽനിന്ന് അർജ്ജുനൻ അമ്പെയ്ത് വീഴ്ത്തിയെന്ന വാർത്ത എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ചിന്നുന്ന അമ്പുകൊണ്ട് ശത്രുസംഘത്തെ മുടിച്ച വൃദ്ധവീരനായ ഭീഷ്മൻ ഖിന്നനായി ശരതല്പത്തിൽ വീണു എന്ന വാർത്ത എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ശരമേറ്റുവീണ ഭീഷ്മൻ "വെള്ളം തരൂ!" എന്ന് ആവശ്യപ്പെട്ടപ്പോൾ അർജ്ജുനൻ തണ്ണീർ ഭൂമിയിൽനിന്ന് ഉയർത്തി എന്ന വർത്തമാനം എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വായുവും സൂര്യനും ചന്ദ്രനും പാണ്ഡവന്മാർക്ക് പോരിൽ ജയത്തെ കാട്ടുന്നതായി എന്നു കേട്ടുവോ, എന്നും ചെന്നായും കുറുക്കനും കഴുക്കളും നമ്മളെ പേടിപ്പെടുത്തുകയും ചെയ്യുന്നതായി ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പല ദിവ്യാസ്ത്രങ്ങൾ അറിയുന്നവനും വിചിത്രയുദ്ധം ചെയ്യുന്നവനുമായ ദ്രോണൻ പോരിൽ പല പരാക്രമങ്ങൾ കാട്ടിയിട്ടും പാണ്ഡവശ്രേഷ്ഠന്മാരെ ആരെയും കൊന്നില്ല എന്ന വൃത്താന്തം എന്ന് എന്റെ ചെവിയി

ലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വീരസംശപ്തകന്മാർ എന്നു പറയപ്പെടുന്ന അർജ്ജുനശത്രുക്കളെയെല്ലാം അർജ്ജുനൻതന്നെ ഒറ്റയ്ക്ക് കൊന്നുകളഞ്ഞു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രോണാചാര്യൻ ചമച്ചതും ഉടയ്ക്കാൻ വയ്യാത്തതുമായ സൈന്യവ്യൂഹം പാർത്ഥപുത്രനായ അഭിമന്യു ഒറ്റയ്ക്ക് കേറിത്തകർത്തുകളഞ്ഞു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പാർത്ഥപുത്രനോട് ഏല്ക്കുവാൻ വയ്യെന്നു പറഞ്ഞ് ആ വീരന്മാരായ മഹാരഥന്മാർ ചുറ്റും വളഞ്ഞുനിന്ന് ബാലനായ അഭിമന്യുവെ കൊന്ന് സഹർഷം ആർത്തതായി എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പാർത്ഥപുത്രനെ കൊന്ന് ഒന്നിച്ച് ആർക്കുന്ന കൗരവപ്രൗഢന്മാരുടെ ഘോഷം എന്ന് കേട്ടുവോ, പിന്നെ പാർത്ഥൻ സൈന്ധവവധത്തിന് പ്രതിജ്ഞ എടുത്തതായി ഞാൻ എന്ന് കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

സൈന്ധവനെ വധിക്കുവാൻ പാർത്ഥൻ ചെയ്ത ഘോരമായ പ്രതിജ്ഞ രാജാക്കന്മാരുടെ മദ്ധ്യത്തിൽവച്ച് നിർവ്വഹിക്കപ്പെട്ടതായി എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പാർത്ഥന്റെ കുതിരകൾ തളർന്നപ്പോൾ കൃഷ്ണൻ കുതിരകളെ യുദ്ധമദ്ധ്യത്തിൽ അഴിച്ച് തണ്ണീർകാട്ടി ക്ഷീണം മാറ്റിയ വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കുതിരകൾ വിശ്രമിക്കുമ്പോൾ അർജ്ജുനൻതന്നെ തേർത്തട്ടിൽ നിന്ന് സർവ്വസൈന്യങ്ങളെയും തടുത്തുനിന്നു എന്ന വർത്തമാനം എപ്പോൾ എന്റെ ശ്രുതിയിലെത്തിയോ, അപ്പോൾ തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

നാഗയൂഥംപോലെ ഉഗ്രമായ ദ്രോണവ്യൂഹം സാത്യകി ഭിന്നമാക്കിയിട്ട് കൃഷ്ണാർജ്ജുനന്മാർ നില്ക്കുന്നേടത്തെത്തിയ വാർത്ത എന്ന് കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കർണ്ണനുമായി പോരടിക്കെ ഭീമനെ കൊല്ലാതെ വീണ്ടും കർണ്ണൻ വിട്ടു എന്നും അവനെ വില്ലുകൊണ്ട് കുത്തി നിന്ദിക്കുക മാത്രമേ ചെയ്തുള്ളൂ എന്നും ഉള്ള വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയൊ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രോണനും ദ്രൗണിയും ശല്യനും കർണ്ണനും കൃപനും കൃതവർമ്മാവുമെല്ലാം സൈന്ധവനെ അർജ്ജുനൻ കൊല്ലുന്നത് കണ്ടുനിന്നു എന്ന വർത്ത

DC BOOKS

മാനം എന്ന് എന്റെ ചെവിയിലെത്തിയോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കർണ്ണന് സാക്ഷാൽ ഇന്ദ്രൻ നല്കിയ വേൽ വാസുദേവൻ ഘടോൽക്കചനിൽ ചെലവാക്കിച്ചു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കർണ്ണൻ പാർത്ഥനെ കൊല്ലുവാൻ സൂക്ഷിച്ചിരുന്ന വേൽ ഘടോൽക്കചന്റെ നേരെ ചാട്ടിവിട്ടു എന്ന വർത്തമാനം എന്നു ഞാൻ കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഗുരുവായ ദ്രോണൻ തേരിൽ ധ്യാനനിമഗ്നനായിരിക്കുമ്പോൾ, ധൃഷ്ടദ്യുമ്നൻ ധർമ്മം വെടിഞ്ഞ് അവനെ കൊന്നു എന്ന വൃത്താന്തം ഞാൻ എന്നു കേട്ടുവോ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രോണപുത്രനുമായി ദ്വന്ദ്വയുദ്ധത്തിൽ മാദ്രീപുത്രൻ, ശൂരനായ നകുലൻ, വീരന്മാരുടെ മദ്ധ്യത്തിൽ തുല്യമായി നിന്നു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രോണധ്വംസനത്താൽ ക്രുദ്ധനായ ദ്രൗണി ഉഗ്രമായ നാരായണാസ്ത്രം എയ്തിട്ടും പാണ്ഡവന്മാർ അടങ്ങിയില്ല എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

സോദരനായ ദുശ്ശാസനന്റെ രക്തം ഭീമൻ മാറുകീറി കുടിക്കുമ്പോൾ വീരന്മാരാരും തടുത്തില്ല എന്ന് കേട്ടപ്പോൾ അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ശൂരനായ കർണ്ണനെ ഭ്രാതാവായ അർജ്ജുനൻ ദ്വന്ദ്വയുദ്ധത്തിൽ വധിച്ച വർത്തമാനം എന്ന് ഞാൻ കേട്ടുവോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കൃഷ്ണനോട് കിടമത്സരമുള്ള ശല്യനെ ധർമ്മപുത്രൻ കൊന്നു എന്ന വർത്തമാനം എന്ന് എന്റെ ശ്രുതികളിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

കലഹകാരണമായ ചൂതുകളിക്ക് ഹേതുഭൂതനായ ശകുനി എന്ന ദുഷ്ടനെ, യുദ്ധത്തിൽ മാദ്രീപുത്രനായ സഹദേവൻ ചൊടിച്ച് കൊന്നുവീഴ്ത്തി എന്ന വർത്തമാനം എന്ന് എന്റെ ചെവികളിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വിവശനായി, തനിച്ച് കയത്തിൽ പ്രവേശിച്ച്, ജലം അനക്കാതെ, വിരഥനായ ദുര്യോധനൻ കേണുവാണു എന്ന വർത്തമാനം എന്ന് എന്റെ ശ്രുതികളിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പാണ്ഡവന്മാർ കൃഷ്ണനോടുകൂടി ആ ഹ്രദത്തിൽ ചെന്ന്, ആർപ്പുവിളിച്ച്, എന്റെ ഉണ്ണിയെ അധിക്ഷേപിച്ച്, ധൈര്യം കെടുത്തി എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

പലമട്ടിൽ വിചിത്രരീതിയിൽ ഗദായുദ്ധം ചെയ്യുന്ന എന്റെ പുത്രനെ കൃഷ്ണന്റെ ഉപദേശപ്രകാരം ഭീമൻ ചതിച്ച് അടിച്ചുവീഴ്ത്തിയെന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രൗണി മുമ്പിട്ട് ഇറങ്ങിച്ചെന്ന് പാഞ്ചാലദ്രൗപദേയാദ്യന്മാരെയെല്ലാം നിദ്രയിൽ നിശ്ശേഷം കൊന്നു എന്ന കഷ്ടമായ വൃത്താന്തം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

വായുപുത്രൻ ഏറ്റ് എതിർത്തപ്പോൾ അത്യുഗ്രബാണമായ ഐഷീകാസ്ത്രം വിട്ട് അശ്വത്ഥാമാവ് ഗർഭം നശിപ്പിച്ചു എന്ന വർത്തമാനം എന്ന് എന്റെ ശ്രുതിയിലെത്തിയോ, അന്നു തീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ദ്രൗണിയുടെ ബ്രഹ്മശിരസ്സ് അസ്ത്രം 'സ്വസ്തി' എന്നു പറഞ്ഞ് അതേ അസ്ത്രംകൊണ്ട് അർജ്ജുനൻ നിർത്തുകയും അവന്റെ ശിരസ്സിലണിഞ്ഞ രത്നം വാങ്ങുകയും ചെയ്തു എന്ന വർത്തമാനം എന്ന് എന്റെ ചെവിയിലെത്തിയോ, അന്നുതീർന്നു സഞ്ജയ! വിജയത്തിൽ എനിക്കുണ്ടായിരുന്ന ആശ!

ഗാന്ധാരിക്ക് മക്കൾ പോയി; മക്കളുടെ മക്കളും പോയി; ബന്ധുക്കളും പോയി; പിതാവും പോയി, സോദരന്മാരും പോയി! അസാദ്ധ്യകർമ്മം ചെയ്ത് പാണ്ഡവന്മാർ ശത്രുക്കളറ്റവരായിത്തീർന്നു. നാട് നേടുകയും ചെയ്തു.

പത്തുപേരാണ് യുദ്ധത്തിൽ ആകെ ശേഷിച്ചത്. എന്റെ ഭാഗത്ത് മൂന്നുപേർ, പാണ്ഡവരുടെ ഭാഗത്ത് ഏഴുപേർ. ഏഴും പതിനൊന്നും അക്ഷൗഹിണിസൈന്യങ്ങൾ യുദ്ധത്തിൽ പാഴായി മുടിഞ്ഞു.

ഹാ! കൂരിരുട്ട് കൂടുന്നു! മോഹം ഉള്ളിൽക്കയറുന്നു! ബോധം മറിയുന്നു! എന്റെ ചേതസ്സ് ഉഴലുന്നു!"

സൂതൻ പറഞ്ഞു: "ഇപ്രകാരം പറഞ്ഞ് അംബികേയനായ ധൃതരാഷ്ട്രൻ അഴൽ മൂത്ത് വിലപിച്ച് മൂർച്ഛിച്ചു. ഒട്ടുനേരം കഴിഞ്ഞ് ആശ്വസിച്ച് എഴുന്നേറ്റിരുന്ന് സഞ്ജയനോടു പറഞ്ഞു."

"സഞ്ജയാ! ഞാൻ ഈ നിലയിലെത്തി! ജീവിച്ചതുമതി! ഞാൻ പ്രാണൻ കളയുകയാണ്! ജീവിച്ചിരുന്നിട്ടു ലേശവും ഫലം ഞാൻ കാണുന്നില്ല."

സൂതൻ പറഞ്ഞു: "രാജാവ് ഇപ്രകാരം പലതും പറഞ്ഞു വിലപിച്ച് സർപ്പത്തെപ്പോലെ നെടുവീർപ്പിട്ട് മോഹിക്കുമ്പോൾ ധീമാനും മഹാനുമായ സഞ്ജയൻ സാമർത്ഥ്യത്തോടെ പറഞ്ഞു."

DC BOOKS

## ധൃതരാഷ്ട്രരെ സഞ്ജയൻ സമാധാനിപ്പിക്കുന്ന കഥ

“നാരദനും വ്യാസനും പറഞ്ഞതൊന്നും ഭവാൻ കേട്ടിട്ടില്ലേ? മഹാഗുണങ്ങളോടുകൂടിയ രാജധാനികളിൽ പിറന്ന്, മഹോത്സാഹികളും ബലശാലികളുമായി വളർന്ന്, മഹാദിവ്യാസ്ത്രങ്ങളും മഹേന്ദ്രപ്രൗഢിയും സമാർജ്ജിച്ച്, ധർമ്മത്തോടെ ഊഴി കാത്ത്, വേണ്ടുവോളം ദാനധർമ്മാദികൾ ചെയ്ത് പ്രസിദ്ധിനേടി പരലോകം ഗമിച്ച മഹാന്മാരെപ്പറ്റി ഭവാൻ കേട്ടിട്ടില്ലേ?

മഹാരഥനായ ശൈബ്യൻ, വീരനായ സൃഞ്ജയൻ, സുഹോത്രൻ, രന്തിദേവൻ, ദ്യുതിമാനായ കാക്ഷീവാൻ, ബാൽഹീകൻ, ദമനൻ, ശര്യാതി, അജിതൻ, നളൻ, അമിത്രഘ്നൻ, വിശ്വാമിത്രൻ, മഹാബലനായ അംബരീഷൻ, മരുത്തൻ, മനു, ഇക്ഷ്വാകു, ഗയൻ, ഭരതൻ, ദാശരഥിരാമൻ, ശശബിന്ദു, ഭഗീരഥൻ, മഹാഭാഗനായ കൃതവീര്യൻ, മഹാനായ ജനമേജയൻ, സുകൃതിയായ യയാതി (സ്വയം ദേവയാഗം ചെയ്ത അവന്റെ യാഗഭൂമി യാഗസ്തംഭത്താൽ മിന്നിപോലും!) ഈ ഇരുപത്തിനാലു രാജാക്കന്മാരെപ്പറ്റി, പുത്രശോകത്താൽ കേഴുന്ന ശൈബ്യനോട് പണ്ടു നാരദൻ ചൊല്ലിക്കൊടുത്ത്, സമാധാനിപ്പിച്ചു.

ഇവർക്കുപുറമേ മഹാബലന്മാരും മഹാരഥന്മാരും മഹായോഗ്യരുമായ രാജാക്കന്മാർ ഇഹലോകവാസം വെടിഞ്ഞിട്ടുണ്ട്. പൂരു, കുരു, യദു, വിഷ്വഗശ്വൻ, അണുഹൻ, യുവനാശ്വൻ, കുകുൽസ്ഥൻ, വീരനായ രഘു, വിജയാംഗൻ, ശ്വേതൻ, വീതിഹോത്രൻ, ബൃഹൽഗുരു, ഉശീനരൻ, ശതരഥൻ, കങ്കൻ, ദുളിദുഹൻ, ദ്രുമൻ, ദംഭോത്ഭവൻ, വേനൻ, സഗരൻ, നിമി, സംകൃതി, ശംഭു, ദേവാവൃധൻ, പുണ്ഡ്രൻ, അജേയൻ, പരശുദേവൻ, സുപ്രമേയൻ, സുപ്രതീകൻ, ബൃഹദ്രഥൻ, മഹോത്സാഹൻ, സുക്രതു, വിനിതൻ, നൈഷധനായ നളൻ, സത്യവ്രതൻ, ശാന്തഭയൻ, സുമിത്രൻ, സുബലൻ, ജാനുജംഘൻ, അനരണ്യാർക്കൻ, ശുചിവ്രതൻ, ബലബന്ധു, നിരാമർദ്ദൻ, കേതുശൃംഗൻ, ബൃഹത്ബലൻ, ധൃഷ്ടകേതു, ബൃഹൽകേതു, ദീപ്തകേതു, നിരാമയൻ, അവിക്ഷത്ത്, ചപലൻ, ധൂർത്തൻ, കൃതബന്ധു, ദൃഢേഷുധി, മഹാപുരാണസംഭാവ്യൻ, പ്രത്യംഗൻ, പരഹാ, ശ്രുതി ഇവരും മറ്റു പലരുമായ നൂറും ആയിരവും പതിനായിരവും രാജാക്കൾ, അഭിവൃദ്ധിക്കൊത്ത സുഖം വെടിഞ്ഞു നിന്റെ മക്കളെപ്പോലെതന്നെ പരലോകം പ്രാപിച്ചില്ലേ? ബുദ്ധിവീര്യങ്ങളുള്ള അവരുടെ ദിവ്യകർമ്മം, വിക്രമം, ദാനശീലത്വം, മാഹാത്മ്യം, ആസ്തിക്യം, സത്യം, ശുദ്ധി, ആർജ്ജവം എന്നിവയെ സൽപ്പുരാണകവികളും പണ്ഡിതന്മാരുമൊക്കെ വാഴ്ത്തുന്നു. എല്ലാ ഗുണവും തികഞ്ഞ അവർ എല്ലാവരും പോയി.

നിന്റെ മക്കളാണെങ്കിൽ ദുർമ്മതികളും വലിയ കോപികളും വ്യഥിതരും ലോഭികളും ദുർവൃത്തരും ആയിരുന്നു. അവരെ ഓർത്ത് ദുഃഖിക്കരുത്. പഠിപ്പും അറിവും ധീയും ഉള്ള നീ വിദ്വജ്ജനസമ്മതനാണ്. ബുദ്ധിയും ശാസ്ത്രജ്ഞാനവും പഠിപ്പും ഉള്ളവരാരും ദുഃഖിക്കുകയില്ല. ഹേ ഭാരത! ഞാൻ പറഞ്ഞത് സത്യമാണ്. നീ എന്തിനു മാഴ്കുന്നു?

DC BOOKS

അങ്ങയുടെ നിഗ്രഹാനുഗ്രഹനില അങ്ങ് ഗ്രഹിക്കുന്നില്ലേ രാജാവേ! പുത്രരക്ഷയ്ക്ക് പുത്രാനുസരണം ഒരിക്കലും യോജിച്ചതല്ല. പുത്രൻ പറയുന്നതനുസരിക്കുന്ന പിതാവ് ദുഃഖത്തിനു പാത്രമാകും. വരാനുള്ളതു വന്നു. ഇനി അതിനെക്കുറിച്ച് ഓർത്തു ദുഃഖിക്കരുത്. ദൈവത്തെ ബുദ്ധികൊണ്ടു കടക്കുവാൻ ആർക്കു കഴിയും? വിധിയുടെ കല്പന ലംഘിക്കുവാൻ കെൽപ്പുള്ളവൻ ആരാണ്?

ഉണ്മയും ഇല്ലായ്മയും സുഖവും ദുഃഖവും കാലത്തെ മാത്രം ആശ്രയിച്ചുനില്ക്കുന്നു. ഭൂതങ്ങളെ സൃഷ്ടിക്കുന്നതും പ്രജകളെ സംഹരിക്കുന്നതും എല്ലാറ്റിനെയും സംഹരിക്കുന്ന കാലത്തെ നശിപ്പിക്കുന്നതും കാലം തന്നെയാണ്. കാലമാണ് ശുഭാശുഭഫലജാലങ്ങളെ എങ്ങും നിർമ്മിക്കുന്നത്. കാലമാണ് എല്ലാറ്റിനെയും സംഹരിക്കുന്നതും വീണ്ടും സൃഷ്ടിക്കുന്നതും. എല്ലാ ജീവജാലങ്ങളും ഉറങ്ങുമ്പോൾ കാലം മാത്രം ശ്രദ്ധയോടെ ഉണർന്നിരിക്കുന്നു. കാലത്തെ അതിക്രമിക്കുവാൻ ആർക്കും സാദ്ധ്യമല്ല; പിടിച്ചുനിർത്താനും ആർക്കും കഴിയുകയില്ല. കാലം ബ്രഹ്മമായി എല്ലാറ്റിലും വർത്തിക്കുന്നു. ഭൂതവർത്തമാനഭാവികളിലുള്ളതെല്ലാം കാലത്താൽ ചെയ്യപ്പെടുന്നതാണെന്നു മനസ്സിലാക്കി, മനസ്സു പതറാതെ, ഇളകാതെ ഇരിക്കുക.''

സൂതൻ പറഞ്ഞു: ''എന്നു പറഞ്ഞ് പുത്രദുഃഖാർത്തനായ ധൃതരാഷ്ട്രനെ ആശ്വസിപ്പിച്ച്, സഞ്ജയൻ ആത്മനിലയ്ക്കാക്കി.

ഈ വിഷയത്തെക്കുറിച്ചു വ്യാസൻ ഉപനിഷത്തു നിർമ്മിച്ചു. ലോകത്തിൽ വിദ്വാന്മാരായ കവിശ്രേഷ്ഠന്മാർ അതു പുരാണമായി പറയുന്നു. ഭാരതം ചൊല്ലുന്നതു പുണ്യമാണ്. ഒരു പാദം പഠിച്ചാൽപ്പോലും പുണ്യമാണ്. ശ്രദ്ധയോടെ വായിക്കുന്നവന്റെ സകല പാപങ്ങളും തീർച്ചയായും ഉടനെ നീങ്ങും.

ദേവന്മാരും ദേവർഷിമാരും ബ്രഹ്മർഷിമുഖ്യന്മാരും ശുദ്ധകർമ്മാക്കളായ യക്ഷഫണീന്ദ്രന്മാരും ഇതിൽ വർണ്ണിക്കപ്പെടുന്നു. സാക്ഷാൽ നിത്യനായ വാസുദേവനെ ഇതിൽ വാഴ്ത്തിയിട്ടുണ്ട്. അവൻ സത്യമായ അമൃതവും പവിത്രവും പുണ്യവുമാണ്. നിത്യമായ പരബ്രഹ്മമാണെന്നും കേവലം ചിത്തജ്യോതിസ്സാണെന്നും വാഴ്ത്തപ്പെടുന്നു. ബുദ്ധിമാന്മാർ അവന്റെ ദിവ്യകർമ്മങ്ങളെ നിത്യവും പുകഴ്ത്തുന്നു.

അവനിൽനിന്നു സത്തും അസത്തുമായ ഭാവത്തിൽ വിശ്വം ജനിക്കുന്നു. 'ബ്രഹ്മാദിസന്തതികളും ജന്മവും മൃത്യുവും അദ്ധ്യാത്മമായി ശ്രുതിയെഴുന്ന പഞ്ചഭൂതങ്ങളും' അവനാണ്. അവ്യക്തത്തിന് മൂലകാരണവും അവൻ ഏകനാണ്. യതിയോഗിഗണങ്ങൾ ധ്യാനസ്ഥിതിയോഗബലത്താൽ ആത്മാവാകുന്ന കണ്ണാടിയിൽ കാണുന്ന ജ്യോതിസ്സ് അവൻതന്നെയാകുന്നു.

## ഫലശ്രുതി

ശ്രദ്ധയോടെ, മനസ്സുവച്ച്, സദ്ധർമ്മവ്രതനിഷ്ഠനായി ഈ അദ്ധ്യായം നിത്യം പാരായണം ചെയ്യുന്നവന് ഉടനെ പാപങ്ങൾ ഒഴിഞ്ഞുപോകുന്നതാണ്. അനുക്രമണികാദ്ധ്യായം ആദിമുതൽ ശ്രദ്ധയോടുകൂടെ കേൾക്കുന്നവൻ അപകടങ്ങളിലും ദുഃഖങ്ങളിലും പെട്ടുപോകുന്നതല്ല.

രണ്ടു സന്ധ്യയ്ക്കും ഇതിലെ അല്പഭാഗമെങ്കിലും ജപിക്കുന്നതായാൽ പകലും രാവും ചെയ്യുന്ന പാപങ്ങളൊക്കെ നശിക്കും. ഭാരതത്തിന് അതാണ് ഏറ്റവും സാരമായ സത്യാമൃതം. തൈരിന് വെണ്ണ എന്നപോലെ, മർത്ത്യരിൽ വിപ്രൻ എന്നപോലെ, മറകളിൽ ആരണ്യകം എന്നപോലെ, ഔഷധങ്ങളിൽ അമൃതം എന്നപോലെ, ജലാശയങ്ങളിൽ സമുദ്രം എന്നപോലെ, നാല്ക്കാലികളിൽ പശു എന്നപോലെ, ഇതിഹാസങ്ങളിൽ ശ്രേഷ്ഠമാണ് ഭാരതം.

ഹേ വിപ്രരേ, ശ്രാദ്ധത്തിൽ ഒരു പദമെങ്കിലും വായിച്ചു കേൾപ്പിച്ചാൽ പിതൃക്കൾക്ക് അന്നപാനങ്ങൾ ഒടുങ്ങാതെ കൊടുത്തു എന്ന് സമാശ്വസിക്കാം. ഇതിഹാസപുരാണങ്ങൾ ഗാഢമായി അറിഞ്ഞ് വേദാർത്ഥങ്ങളെ ധരിക്കണം. അല്പജ്ഞനെ വേദം ഭയപ്പെടുന്നു: "ഇവൻ എന്നെ അടിച്ചു തകർത്തുകളയും" എന്ന്. ഈ 'കൃഷ്ണവേദം' വിദ്വാന്മാർ ചൊല്ലിക്കേൾപ്പിച്ചാൽ അവർക്ക് അർത്ഥം ഗ്രഹിക്കാം. ഭ്രൂണഹത്യാദി മഹാപാപങ്ങളും നശിക്കും.

ശുദ്ധിയോടെ ഈ ഒരു അദ്ധ്യായം ചൊല്ലുന്നവന് പർവ്വംതോറും ഭാരതം മുഴുവൻ ചൊല്ലുന്ന ഫലം സിദ്ധിക്കുമെന്നാണ് എന്റെ അഭിപ്രായം. ആർഷമായ ഈ പുരാണം അതിശ്രദ്ധയോടെ കേൾക്കുന്നവന് ദീർഘായുസ്സും കീർത്തിയും സ്വർഗ്ഗപ്രാപ്തിയും ഉണ്ടാകും.

ഒരുഭാഗത്ത് നാലു വേദവും മറുഭാഗത്ത് മഹാഭാരതവുംവച്ച് പണ്ട് പല ദേവകൾ ചേർന്നു തുലാസ്സിൽ തൂക്കിനോക്കി. അപ്പോൾ രഹസ്യമായ വേദത്തെക്കാൾ ഭാരം തൂങ്ങിയത് ഭാരതമാണ്. അന്നുമുതൽ മഹത്തായ ഭാരമുള്ള ഭാരതത്തെ 'മഹാഭാരതം' എന്നു പേര് പറഞ്ഞുവന്നു. മഹത്ത്വവും ഗൗരവവും ഇതിനു കൂടുകയാൽ 'മഹത്ത്വഭാരവത്ത്വാദ്ധ്യം മഹാഭാരത' മായി. ഇതിന്റെ സാരമറിയുന്നവന് എല്ലാ പാപവും അറ്റുപോകും.

തപസ്സ് അപാപമാണ്; ശ്രുതി ചൊല്ലുന്നത് അപാപമാണ്; സ്വാഭാവികവും ശ്രുത്യനുസരണവുമായ നടപ്പ് അപാപമാണ്; ദിനവൃത്തിക്കുവേണ്ടിയുള്ള അർത്ഥസമ്പാദനം അപാപമാണ്; എന്നാൽ, ഇവയിൽ ഫലേച്ഛയുടെ കലർപ്പുണ്ടായാൽ എല്ലാം പാപമായി ഭവിക്കും.